ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ആന്ധ്രാപ്രദേശ് - തെലങ്കാന സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹൈദരാബാദിലെ രാഷ്ട്രപതി നിലയത്തിൽ വിവിധ സംരംഭങ്ങൾക്ക് തുടക്കം കുറിക്കും.

   **President Droupadi Murmu, on her Andhra Pradesh-Telangana visit, will inaugurate various initiatives at the Rashtrapati Nilayam in Hyderabad today**

2. ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലുകൾ വിപുലമായ കൂടിയാലോചനകൾക്കായി സംയുക്ത പാർലമെന്ററി സമിതിക്ക് അയച്ചു.

   **The government has referred One Nation One Election bills to Joint Parliamentary Committee for wider consultations.**

3. കീടനാശിനികളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകുന്ന 'കിസാൻ കവച് ' പുറത്തിറക്കി കേന്ദ്രസർക്കാർ; കർഷകരുടെ ആരോഗ്യ സുരക്ഷക്കായുള്ള നിർണായക നീക്കമെന്ന് കേന്ദ്ര സഹ മന്ത്രി ജിതേന്ദ്ര സിംഗ്.

   **Central Government Launches 'Kisan Kavach' to Protect Farmers from Pesticides; A Crucial Step for Farmers' Health Security, Says Union Minister Jitendra Singh.**

4. ബീജിംഗിൽ നടക്കുന്ന ഇന്ത്യ-ചൈന പ്രത്യേക പ്രതിനിധി ചർച്ചയിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ഇന്ന് പങ്കെടുക്കും.

National Security Advisor Ajit Doval to take part in the India-China Special Representatives' talks in Beijing today.

5. അന്താരാഷ്ട്ര പ്രവാസി ദിനാചരണ പരിപാടിക്ക് ഇന്ന് കോഴിക്കോട് തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യും.

International Pravasi Day Celebration to Kicks Off in Kozhikode Today; Chief Minister Pinarayi Vijayan to Address Inaugural Session.

6. മികച്ച ഫുട്ബോൾ താരത്തിനുള്ള ഫിഫാ പുരസ്കാരം ബ്രസീലിന്റെ വിനീഷ്യസ് ജൂനിയറിന്; വനിത താരം സ്പെയ്നിന്റെ അയ്റ്റാന ബോൺമാറ്റി.

Brazil's Vinícius Júnior and Spain's Aitana Bonmatí Named FIFA Best Players of the Year.

*************************************

## PREZ- TELANGANA AND AP

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹൈദരാബാദിലെ രാഷ്ട്രപതി നിലയത്തിൽ വിവിധ സംരംഭങ്ങൾക്ക് തുടക്കം കുറിക്കും. വെള്ളിയാഴ്ച സെക്കന്തരാബാദിലെ കോളേജ് ഓഫ് ഡിഫൻസ് മാനേജ്മെന്റിന് PRESIDENT'S COLOURS ബഹുമതി സമ്മാനിക്കും. അഞ്ചു ദിവസത്തെ ആന്ധ്രാപ്രദേശ് - തെലങ്കാന സന്ദർശനത്തിന്റെ ഭാഗമായി ഇന്നലെ മംഗളഗിരി എയിംസിലെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുത്തു. താങ്ങാനാവുന്ന മെഡിക്കൽ ടൂറിസത്തിൻ്റെ കേന്ദ്രമായി ഇന്ത്യ വളർന്നു വരികയാണെന്നും ഈ പുരോഗതിയിൽ ഡോക്ടർമാർക്ക് നിർണായക പങ്കുണ്ടെന്നും ശ്രീമതി മുർമു ചടങ്ങിൽ പറഞ്ഞു.

*************************************

## ONOE - JPC

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലുകൾ വിപുലമായ കൂടിയാലോചനകൾക്കായി കേന്ദ്രസർക്കാർ സംയുക്ത പാർലമെന്ററി

സമിതിക്ക് അയച്ചു. എല്ലാ തലത്തിലും വിശദമായി ചർച്ച ആവശ്യമായതിനാൽ ബിൽ ജെപിസിക്ക് അയക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ നിർദ്ദേശിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ലോക്സഭയെ അറിയിച്ചിരുന്നു. രാജ്യത്ത് ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്താൻ ലക്ഷ്യമിട്ടുള്ളതാണ് ബില്ലുകൾ.

**************************************

## ONE NATION ONE ELECTION

ഇന്നലെ ലോക്സഭയിൽ അവതരിപ്പിച്ച "ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പു" മായി ബന്ധപ്പെട്ട ബില്ലിനെ അനുകൂലിച്ച് 269 അംഗങ്ങളും 198 പേർ എതിർത്തും വോട്ട് ചെയ്തു. പ്രതിപക്ഷ പ്രതിഷേധത്തിനിടെ കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാളാണ് ബിൽ അവതരിപ്പിച്ചത്. സൂക്ഷ്മപരിശോധനയ്ക്കായി ബില്ലുകൾ സംയുക്ത പാർലമെൻ്ററി സമിതിക്ക് അയയ്ക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. തുടർന്ന് ബില്ലുകൾ സംയുക്ത പാർലമെൻ്ററി സമിതിക്കു വിടാൻ കേന്ദ്രമന്ത്രി നിർദേശിച്ചിരുന്നു.

**************************************

## RS – AMIT SHAH ( INTRO)

ഇന്ത്യൻ ഭരണഘടന ഒരു രേഖ മാത്രമല്ലെന്നും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിനും രാഷ്ട്രനിർമ്മാണത്തിനുമുള്ള അടിസ്ഥാന പ്രേരണയാണെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. രാജ്യസഭയിൽ, ഇന്ത്യൻ ഭരണഘടനയുടെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തിക രംഗത്ത് ഉൾപ്പടെ രാജ്യം എങ്ങനെ മുന്നോട്ട് പോയി എന്ന് മനസിലാക്കാൻ ഭരണഘടനയെക്കുറിച്ചുള്ള ഈ സംവാദം സഹായിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

( വോയിസ്.....)

വിവിധ പ്രതിപക്ഷ പാർട്ടി അംഗങ്ങളും രാജ്യസഭയിലെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ജനാധിപത്യവും മതേതരത്വവും ഫെഡറലിസവും ഇല്ലാതെ രാജ്യത്ത് ഐക്യം നിലനിർത്താനാകില്ലെന്ന് സിപിഐഎം അംഗം ജോൺ ബ്രിട്ടാസ് പറഞ്ഞു.

**************************************

## SINGH-KISAN KAVACH

കീടനാശിനികളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകുന്നതിനായി രാജ്യത്ത് ആദ്യമായി 'കിസാൻ കവച്' പുറത്തിറക്കി കേന്ദ്ര സഹ മന്ത്രി ജിതേന്ദ്ര സിംഗ്. കീടനാശിനിയുടെ നേരിട്ടുള്ള ഉപയോഗത്തിലൂടെ ഉണ്ടാകുന്ന ഗുരുതര ആരോഗ്യ പ്രശനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനാണ് കിസാൻ കവച് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കർഷകരുടെ ആരോഗ്യ സുരക്ഷക്കായുള്ള നിർണായക നീക്കമാണ് കിസാൻ കവച് എന്ന് ശ്രീ ജിതേന്ദ്ര സിംഗ് പറഞ്ഞു.

**************************************

## DOVAL CHINA TALKS

ഇന്ന് ബീജിംഗിൽ നടക്കുന്ന ഇന്ത്യ-ചൈന പ്രത്യേക പ്രതിനിധികളുടെ ചർച്ചയിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ പങ്കെടുക്കും. ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യിയുമായി പ്രത്യേക പ്രതിനിധി ചർച്ചയുടെ 23-ാം റൗണ്ടിലാണ് ശ്രീ ഡോവൽ പങ്കെടുക്കുന്നത്. ഉഭയകക്ഷി ബന്ധം പുനഃസ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള ചർച്ചകൾ കിഴക്കൻ ലഡാക്കിലെ സൈനിക സംഘർഷത്തെത്തുടർന്ന് നാല് വർഷത്തിലേറെയായി നിലച്ചിരുന്നു. ബ്രിക്സ് ഉച്ചകോടിക്കിടെ റഷ്യയിലെ കസാനിൽ നടന്ന കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രസിഡന്റ് ഷി ജിൻപിംഗും എത്തിച്ചേർന്ന പൊതുധാരണകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ തയ്യാറാണെന്ന് ചൈന അറിയിച്ചു.

**************************************

## PRADHAN – NTA

ദേശീയ പരീക്ഷാ ഏജൻസി അടുത്ത വർഷം മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള മത്സര പ്രവേശന പരീക്ഷകൾ മാത്രമേ നടത്തുകയുള്ളൂവെന്നും റിക്രൂട്ട്മെന്റ് പരീക്ഷകൾ നടത്തില്ലെന്നും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മെഡിക്കൽ പ്രവേശന പരീക്ഷയായ നീറ്റ് - യുജി, എഴുത്തു പരീക്ഷയായോ ഓൺലൈൻ രീതിയിലോ നടത്തുന്നത് സംബന്ധിച്ച് ചർച്ചകൾ തുടരുകയാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

*************************************

## NORKA ROOTS – CM

ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ നോർക്ക റൂട്ട്സ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രവാസി ദിനാചരണം ഇന്ന് കോഴിക്കോട് നടക്കും. ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദേശം നൽകും. മന്ത്രി വി. അബ്ദുറഹ്മാൻ ദിനാചരണം ഉദ്ഘാടനം ചെയ്യും.

*************************************

## K.B.GANESH KUMAR

കേരളത്തിൽ വാഹനാപകട സാധ്യതയുള്ള ബ്ലാക്ക് സ്പോട്ടുകളിൽ പ്രത്യേക പരിശോധന ഉൾപ്പടെ നടത്താനൊരുങ്ങി സംസ്ഥാന സർക്കാർ. വാഹനാപകടത്തിൽ നാല് സ്കൂൾ വിദ്യാർഥിനികൾ മരിച്ച പാലക്കാട് പനയംപാടത്ത് വാഹനങ്ങളുടെ സ്പീഡ് കുറയ്ക്കാനുള്ള നടപടി ഉടൻ ഉണ്ടാകുമെന്ന് ഗതാഗത മന്ത്രി കെ. ബി. ഗണേഷ് കുമാർ തിരുവനന്തപുരത്ത് അറിയിച്ചു. തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ഗതാഗത മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനങ്ങൾ.

*************************************

## M POX

കണ്ണൂരിൽ എം പോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ നിരീക്ഷണം ശക്തമാക്കി ആരോഗ്യ വകുപ്പ്. അബുദാബിയിൽ നിന്ന് എത്തിയ വയനാട് സ്വദേശി പരിയാരം ഗവൺമെൻറ് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുകയാണ്. അതിനിടെ എം.പോക്സ് ലക്ഷണങ്ങളെ തുടർന്ന്, വിദേശത്ത് നിന്നെത്തിയ കണ്ണൂർ പാനൂർ സ്വദേശിയുടെ സ്രവസാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

**************************************

## SHABARI RAIL

ശബരി റെയിൽ പദ്ധതി രണ്ട് ഘട്ടമായി നടപ്പാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. ആദ്യഘട്ടത്തിൽ അങ്കമാലി - എരുമേലി - നിലക്കൽ പാത പൂർത്തീകരിക്കും. നിർമാണ ചെലവിൻറെ 50 ശതമാനം തുക കിഫ്ബി വഹിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

**************************************

## IFFK – (INTRO)

കേരള രാജ്യാന്തര ചലച്ചിത്ര മേള ആറാം ദിനത്തിലേക്ക് കടന്നു. ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്ര മേളകളിൽ പ്രേക്ഷക പ്രശംസയും പുരസ്കാരങ്ങളും നേടിയ ഏഴു ചിത്രങ്ങൾ ഇന്ന് പ്രദർശിപ്പിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ല പ്രതിനിധി രെജു കോലിയക്കോട്....**

**(VOICE................)**

**************************************

## FIFA AWARDS

മികച്ച ഫുട്ബോൾ താരത്തിനുള്ള ഫിഫാ പുരസ്കാരം ബ്രസീലിന്റെ വിനീഷ്യസ് ജൂനിയറിന്. കഴിഞ്ഞ സീസണിൽ റയൽ മാഡ്രിഡിനുവേണ്ടി പുറത്തെടുത്ത മിന്നുന്ന പ്രകടനമാണ് ഇരുപത്തിനാലുകാരനെ ആഗോള ഫുട്ബോൾ സംഘടനയുടെ മികച്ച താരമാക്കിയത്. വനിതകളിൽ മികച്ച താരമായി സ്പെയ്നിന്റെ അയ്റ്റാന ബോൺമാറ്റിയെ തെരഞ്ഞെടുത്തു. തുടർച്ചയായ രണ്ടാംതവണയാണ് ബോൺൻമാറ്റിക്ക് മികച്ച താരത്തിനുള്ള ഫിഫ പുരസ്കാരം ലഭിക്കുന്നത്. അർജന്റീന താരം എമിലിയാനോ മാർട്ടിനെസാണ് മികച്ച ഗോൾകീപ്പർ. റയൽ മാഡ്രിഡിന്റെ കാർലോ ആൻസെലൊട്ടിയാണ് മികച്ച പരിശീലകൻ. മികച്ച ഗോളിനുള്ള പുസ്കാസ് അവാർഡ് മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ അലസാൻഡ്രോ ഗർണാച്ചോയ്ക്കാണ്. വനിതകളിൽ സ്വന്തംപേരിലുള്ള 'മാർത്ത' പുരസ്കാരം ബ്രസീൽ ഇതിഹാസതാരം മാർത്ത തന്നെ സ്വന്തമാക്കി.

*************************************

## CRICKET - IND-AUS

ഇന്ത്യ- ഓസ്ട്രേലിയ ബോർഡർ-ഗവാസ്കർ ട്രോഫി ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം ടെസ്റ്റ് സമനിലയിലേക്ക്. 9 വിക്കറ്റ് നഷ്ടത്തിൽ 252 എന്ന നിലയിൽ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിച്ച ഇന്ത്യ 260 റൺസിന് പുറത്തായി. ബ്രിസ്ബേനിലെ ഗാബയിൽ നടക്കുന്ന ടെസ്റ്റിൽ ഇന്ത്യ കഷ്ടിച്ചാണ് ഫോളോ-ഓൺ ഒഴിവാക്കിയത്. ഓസ്ട്രേലിയക്കുവേണ്ടി പാറ്റ് കമ്മിൻസ് നാലും, മിച്ചൽ സ്റ്റാർക്ക് മൂന്നും വിക്കറ്റ് വീഴ്ത്തി.

*************************************

## WOMENS CRICKET- IND VS WI

വനിതാ ക്രിക്കറ്റിൽ, രണ്ടാം ടി-20 മത്സരത്തിൽ വെസ്റ്റിൻഡീസ് ഇന്ത്യയെ ഒമ്പത് വിക്കറ്റിന് തോൽപ്പിച്ചു. ഇതോടെ മൂന്ന് മത്സരങ്ങളുടെ പരമ്പര 1-1 ന് സമനിലയിലായി. ഇന്നലെ രാത്രി നവി മുംബൈയിൽ നടന്ന മത്സരത്തിൽ 160 റൺസ് വിജയലക്ഷ്യം

പിന്തുടർന്ന വെസ്റ്റ്ഇൻഡീസ് 26 പന്തുകൾ ബാക്കിനിൽക്കെ ലക്ഷ്യം കണ്ടു. അവസാന ടി-20 മത്സരം നാളെ നടക്കും.

*************************************

## LANKA VISA

ഇന്ത്യൻ പൗരന്മാർക്ക് അടുത്തമാസം മുതൽ ശ്രീലങ്കയിലേക്ക് സൗജന്യ വിസ. ശ്രീലങ്കൻ വിദേശകാര്യ മന്ത്രി വിജിത ഹെറാത്ത് ന്യൂഡൽഹിയിൽ അറിയിച്ചതാണ് ഇക്കാര്യം. ഇന്ത്യ ഉൾപ്പെടെ 39 രാജ്യങ്ങൾക്ക് ശ്രീലങ്ക സൗജന്യ വിസ അനുവദിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ശ്രീലങ്കക്കാർക്ക് ഇതേ സൗകര്യം ഇന്ത്യ നൽകുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയുടെ പ്രതിനിധി സംഘത്തിന്റെ ഭാഗമാണ് വിജിത ഹെറാത്ത്.

****************************************************************************************************